2024
JUNE
14
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## ജി7 ഉച്ചകോടിയിൽ പങ്കെടുക്കാൻ മാർപാപ്പ; മോദിയുമായി കൂടിക്കാഴ്ച നടത്തും

**റോം:** ജി7 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി ഇറ്റലിയിലെത്തുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി വെള്ളിയാഴ്ച ഫ്രാൻസിസ് മാർപാപ്പയുമായി കൂടിക്കാഴ്ച നടത്തും. മൂന്നാമതും പ്രധാനമന്ത്രിയായി അധികാരമേറ്റ ശേഷമുള്ള മോദിയുടെ ആദ്യ വിദേശ സന്ദർശനമാണിത്.

നിർമിത ബുദ്ധിയുടെ ധാർമികതയെ കുറിച്ചുള്ള സെഷനിലാണ് ജി7 നേതാക്കളുടെ ചർച്ചയിൽ ഫ്രാൻസിസ് മാർപാപ്പ പങ്കെടുക്കുന്നത്. ജി7 ചർച്ചയിൽ ആദ്യമായാണ് ഒരു മാർപാപ്പ പങ്കെടുക്കുന്നതെന്നതു ശ്രദ്ധേയം. സാധാരണ ഇത്തരം വേദികളിൽ മാർപാപ്പ എത്താറില്ല.

2021 ഒക്ടോബറിലാണ് പ്രധാനമന്ത്രി അവസാനമായി മാർപാപ്പയെ സന്ദർശിച്ചത്. മോദിയെ കൂടാതെ യുഎസ്, യുക്രെയ്ൻ, ഫ്രാൻസ് എന്നീ രാജ്യങ്ങളിലെ നേതാക്കളുമായും മാർപാപ്പ കൂടിക്കാഴ്ച നടത്തും. ഇറ്റലിയിലെ ബോർഗോ എഗ്നസാനിയയിലാണ് രണ്ടുദിവസത്തെ ഉച്ചകോടി നടക്കുന്നത്.

# കുവൈറ്റ് തീപിടിത്തം; മരണം അമ്പതായി

**കുവൈറ്റ് സിറ്റി:** കഴിഞ്ഞ ദിവസം കുവൈറ്റിലെ ലേബർ ക്യാമ്പിലുണ്ടായ തീപിടിത്തത്തിൽ ഒരു ഇന്ത്യക്കാരൻകൂടി മരിച്ചതായി റിപ്പോർട്ട്. ഇതോടെ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം അമ്പതായി.

ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന ഒരു ഇന്ത്യക്കാരൻ കൂടി മരിച്ചുവെന്ന് കുവൈറ്റ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. മരിച്ചയാളുടെ പേര് വിവരം അറിവായിട്ടില്ല. 45 മൃതദേഹങ്ങളുമായി പുറപ്പെട്ട വിമാനം 10.30ന് കൊച്ചിയിലെത്തുമെന്ന് അധികൃതർ പറഞ്ഞു.



23 മലയാളികളുടെയും ഏഴ് തമിഴ്നാട് സ്വദേശികളുടേയും ഒരു കർണാടക സ്വദേശിയുടേയും മൃതദേഹമാണ് വിമാനത്തിലുള്ളത്. കേന്ദ്ര വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ് മൃതദേഹത്തെ അനുഗമിക്കുന്നുണ്ട്.

## കേന്ദ്ര സർക്കാർ അനുമതി നിഷേധിച്ചു; വീണാ ജോർജിൻെറ കുവൈറ്റ് യാത്ര മുടങ്ങി

**കൊച്ചി:** ആരോഗ്യ മന്ത്രി വീണാ ജോർജിൻറെ കുവൈറ്റ് സ്വപ്നം അവസാന നിമിഷം ഉപേക്ഷിച്ചു. ഇന്നലെ രാത്രി 10.30നുള്ള വിമാനത്തിൽ കുവൈറ്റിലേക്കു പോകാൻ നെടുമ്പാശേരി വിമാനത്താവളത്തിലെത്തിയിരുന്നു മന്ത്രി. എന്നാൽ, യാത്രയ്ക്ക് കേന്ദ്ര സർക്കാരിൻറെ അനുമതി ലഭിച്ചില്ല. അടിയന്തര മന്ത്രിസഭാ യോഗമാണ് സംസ്ഥാന സർക്കാരിൻറെ പ്രതിനിധിയായി മന്ത്രി വീണ ജോർജിനെയും സ്റ്റേറ്റ് മിഷൻ ഡയറക്റ്റർ ജീവൻ ബാബുവിനെയും കുവൈറ്റിലേക്ക് അയയ്ക്കാൻ തീരുമാനിച്ചത്. പരിക്കേറ്റ മലയാളികളുടെ ചികിത്സ, മരണമടഞ്ഞവരുടെ ഭൗതികദേഹങ്ങൾ നാട്ടിലെത്തിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായാണു പോകുന്നതെന്നു മന്ത്രി പറഞ്ഞിരുന്നു. എന്നാൽ, കേന്ദ്രം അനുമതി നിഷേധിച്ചെന്നും ദുരന്തം നേരിടുമ്പോൾ ഇത്തരം തീരുമാനങ്ങൾ ശരിയല്ലെന്നും വീണ പറഞ്ഞു.

# സ്ഥിര നിക്ഷേപങ്ങളുടെ പലിശ വർധിക്കും

**കൊച്ചി:** വിപണിയിലെ പണ ലഭ്യത കുറഞ്ഞതും റിസർവ് ബാങ്കിൻറെ നയ സമീപനത്തിലെ മാറ്റവും കണക്കിലെടുത്ത് സ്ഥിര നിക്ഷേപങ്ങളുടെ പലിശ വാണിജ്യ ബാങ്കുകൾ വീണ്ടും വർധിപ്പിക്കുന്നു. റിസർവ് ബാങ്കിൻറെ കഴിഞ്ഞ ധന അവലോകന നയത്തിൽ പലിശ നിരക്കിൽ മാറ്റം വരുത്തിയില്ലെങ്കിലും ബാങ്കുകളുടെ കൈവശമുള്ള പണത്തിൽ കുറവു വന്നതിനാലാണ് അധിക പണം സമാഹരിക്കാൻ നിക്ഷേപങ്ങളുടെ പലിശ ഉയർത്തുന്നത്.



എസ്ബിഐ, എച്ച്ഡിഎഫ്സി ബാങ്ക് തുടങ്ങിയ ബാങ്കുകളാണ് നിക്ഷേപങ്ങളുടെ പലിശ ഉയർത്തിയത്. വിവിധ കാലാവധിയിലുള്ള നിക്ഷേപങ്ങളുടെ പലിശ എസ്ബിഐ 0.75 ശതമാനം വരെയാണ് ഉയർത്തിയത്. 46 മുതൽ 179 ദിവസം വരെയുള്ള കാലയളവിലെ നിക്ഷേപങ്ങളുടെ പലിശ 4.75 ശതമാനത്തിൽ നിന്ന് 5.5 ശതമാനമായി ഉയർന്നു. 180 മുതൽ 210 ദിവസങ്ങളിലേക്ക് നിക്ഷേപങ്ങളുടെ പലിശ കാൽ ശതമാനം ഉയർന്ന് ആറ് ശതമാനത്തിലെത്തി. അഞ്ച് മുതൽ പത്ത് വർഷത്തേക്ക് 6.5 ശതമാനത്തിൽ നിന്നും 7.5 ശതമാനമായി ഉയരും. 400 ദിവസത്തേക്ക് 7.6 ശതമാനം പലിശ ലഭിക്കും.

കഴിഞ്ഞ വർഷം മേയ് മാസത്തിനു ശേഷം തുടർച്ചയായി റിസർവ് ബാങ്ക് മുഖ്യ നിരക്കായ റിപ്പോ 2.5 ശതമാനം വർധിപ്പിച്ചതിൻറെ ചുവടുപിടിച്ച് വാണിജ്യ ബാങ്കുകൾ സ്ഥിര നിക്ഷേപങ്ങളുടെ പലിശ ഗണ്യമായി ഉയർത്തിയിരുന്നു. എന്നാൽ കഴിഞ്ഞ ഒന്നര വർഷമായി റിപ്പോ നിരക്കിൽ റിസർവ് ബാങ്ക് മാറ്റം വരുത്തിയിട്ടില്ല. വിപണിയിലെ പണദൗർലഭ്യം ശക്തമായതോടെതാണ് ബാങ്കുകൾ നിക്ഷേപങ്ങളുടെ പലിശ കൂട്ടാൻ നിർബന്ധിതരാകുന്നതെന്ന് കൊച്ചിയിലെ പ്രമുഖ ധനകാര്യ വിദഗ്ധനായ സുരേഷ് ഗോപിനാഥൻ പറയുന്നു.

നാണയപ്പെരുപ്പ നിയന്ത്രണത്തിന് പകരം സാമ്പത്തിക വളർച്ചയ്ക്ക് ഊന്നൽ നൽകുന്ന ധന നയത്തിലേക്ക് റിസർവ് ബാങ്ക് മാറണമെന്ന് ദുബായ് ആസ്ഥാനമായ പ്രമുഖ ധനകാര്യ കൺസൾട്ടൻറും ചാർട്ടേഡ് അക്കൗണ്ടൻറുമായ ഷാജു ഡേവിസ് പറയുന്നു.

തുടർച്ചയായ എട്ട് ധന നയങ്ങളിലും റിസർവ് ബാങ്ക് പലിശ നിരക്കിൽ മാറ്റം വരുത്താൻ തയാറാകാതിരുന്നത് ഭക്ഷ്യ വിലക്കയറ്റം മൂലമാണ്. രാജ്യത്ത് ഭക്ഷ്യ വിലക്കയറ്റം രൂക്ഷമായതിനാൽ നിക്ഷേപങ്ങളുടെ പലിശ ഇനിയും കൂടാനാണ് സാധ്യതയെന്ന് വിദഗ്ധർ പറയുന്നു.



# ആരോഗ്യ ടൂറിസം മേഖലയ്ക്ക് ശക്തിപകർന്ന് മെഡിക്കൽ വാല്യൂ ട്രാവൽ മീറ്റ്

## മുഴുവൻ രാജ്യങ്ങളിൽ നിന്നും കൊച്ചിയിലേക്ക് നേരിട്ടുള്ള വിമാനസർവ്വീസ് വരും: സിയാൽ എം.ഡി എസ് സുഹാസ്

**കൊച്ചി:**കേരളത്തിലെ ആരോഗ്യ ടൂറിസം മേഖലയ്ക്ക് കൂടുതൽ ശക്തിപകരുകയെന്ന ലക്ഷ്യത്തോടെ മെഡിക്കൽ ടൂറിസം ഫെസിലിറ്റേഴ്സ് ഫോറം ഓഫ് കേരള (കെഎംടിഎഫ്എഫ്) ന്റെ നേതൃത്വത്തിൽ കൊച്ചിയിൽ 'മെഡിക്കൽ വാല്യൂ ട്രാവൽ മീറ്റ് സംഘടിപ്പിച്ചു. എറണാകുളം ഹോളിഡേ ഇൻ ഹോട്ടലിൽ നടന്ന സമ്മേളനം കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്(സിയാൽ) മാനേജിംഗ് ഡയറക്ടർ എസ് സുഹാസ് ഐഎഎസ് ഉദ്ഘാടനം ചെയ്തു.

മുഴുവൻ വിദേശ രാജ്യങ്ങളിൽ നിന്നും കേരളത്തിലേക്ക് നേരിട്ട് എത്താൻ സാധിക്കുന്ന വിധത്തിൽ നെടുമ്പാശേരിയിലേക്കും തിരിച്ചും നേരിട്ടുള്ള വിമാന സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണെന്ന് എസ് സുഹാസ് ഐഎഎസ് പറഞ്ഞു. കൂടുതൽ വിദേശ രാജ്യങ്ങളിൽ നിന്നും കേരളത്തിലേക്ക് നേരിട്ട് വിമാന മാർഗ്ഗം എത്താൻ സാധിക്കുന്നതോടെ കേരളത്തിലെ ആരോഗ്യ മെഡിക്കൽ ടൂറിസം മേഖലയിൽ കൂടുതൽ കുതിച്ചു ചാട്ടം കൈവരിക്കാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

ആരോഗ്യ ടൂറിസം മേഖലയിൽ ഇന്ത്യയിൽ മൂന്നാം സ്ഥാനത്താണ് കേരളമെങ്കിലും ഈ രംഗത്തെ കൂടുതൽ പ്രമോട്ട് ചെയ്യാനുള്ള ശ്രമങ്ങൾ അനിവാര്യമാണെന്ന് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ ഫൗണ്ടേഷൻ ഓഫ് ഹെൽത്ത് കെയർ ആന്റ് വെൽനെസ് പ്രമോഷൻ(എഫ്എച്ച്ഡബ്ല്യുപി പ്രസിഡന്റ് ദലിപ് കുമാർ ചോപ്ര പറഞ്ഞു. കെഎംടിഎഫ്എഫ് പ്രസിഡന്റ് ഡോ. കെ എ അബൂബക്കർ അധ്യക്ഷത വഹിച്ചു.

ഐഎംഎ കൊച്ചി പ്രസിഡന്റ് ഡോ.എം.എം ഹനീഷ് മുഖ്യാതിഥിയായിരുന്നു.രാജഗിരി ആശുപത്രി സിഇഒയും സി.എ.എച്ച്.ഒ ഹെൽത്ത്കെയർ ഇൻസ്റ്റിറ്റ്യൂഷൻസ് ഡിവിഷൻ ചെയർമാനുമായ ഫാ. ജോൺസൺ വാഴപ്പിള്ളി സിഎംഐ, വിപിഎസ് ലേക്ക്ഷോർ മാനേജിംഗ് ഡയറക്ടർ എസ്.കെ അബ്ദുള്ള, ആസ്റ്റർ മെഡ്സിറ്റി വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ, സൺറൈസ് ഗ്രൂപ്പ് ഓഫ് ഹോസ്പിറ്റൽസ് ചെയർമാൻ ഡോ. ഹഫീസ് റഹ്മാൻ, ഡോ. കെ.എം ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് മാനേജിംഗ് ഡയറക്ടർ ഫാ.ഡോ.അലക്സാണ്ടർ കൂടാരത്തിൽ, അഡ്ലകസ് ഹോസ്പിറ്റൽ സി.ഒ.ഒ ഡോ.ഷുഹൈബ് ഖാദർ, വിജയലക്ഷ്മി മെഡിക്കൽ സെന്റർ ഹോസ്പിറ്റൽ എംഡി ഡോ വിജയലക്ഷമി ജി പിള്ള, ഫ്യൂച്ചറേസ് ഹോസ്പിറ്റൽ മാനേജിംഗ് ഡയറക്ടർ ഡോ. അൻവർ ഹസ്സൈൻ, കാരിത്താസ് ഹോസ്പിറ്റൽ ജോയിന്റ് ഡയറക്ടർ ഫാ.ജിസ്മോൻ മഠത്തിൽ, സൺറൈസ് ഹോസ്പിറ്റൽ മാനേജിംഗ് ഡയറക്ടർ പർവീൺ ഹഫീസ്, കെഎംടിഎഫ്എഫ് സെക്രട്ടറി നൗഫൽ ചാക്കേരി,ജോയിന്റ് സെക്രട്ടറി അബ്ദുൾ റസാഖ് മുഹമ്മദ്,ട്രഷറർ പി എച്ച് അയൂബ് തുടങ്ങിയവർ സംസാരിച്ചു.




**മെഡിക്കൽ ടൂറിസം ഫെസിലിറ്റേഴ്സ് ഫോറം ഓഫ് കേരള (കെഎംടിഎഫ്എഫ്) എറണാകുളം ഹോളിഡേ ഇൻ ഹോട്ടലിൽ സംഘടിപ്പിച്ച 'മെഡിക്കൽ വാല്യൂ ട്രാവൽ മീറ്റ് ' സിയാൽ) മാനേജിംഗ് ഡയറക്ടർ എസ് സുഹാസ് ഐഎഎസ് ഉദ്ഘാടനം ചെയ്യുന്നു. ഫാ.ജിസ്മോൻ മഠത്തിൽ,ഡോ. ഷഹീൻ, ഫർഹാൻ യാസിൻ, ഡോ. ഹഫീസ് റഹ്മാൻ, എസ്.കെ അബ്ദുള്ള, പി എച്ച് അയൂബ്, ദലിപ് കുമാർ ചോപ്ര, നൗഫൽ ചാക്കേരി,ജാഫർ ബാഖവി,ഫാ. ജോൺസൺ വാഴപ്പിള്ളി, ഡോ. കെ എ അബൂബക്കർ, ഫാ.ഡോ.അലക്സാണ്ടർ കൂടാരത്തിൽ, ഡോ വിജയലക്ഷമി ജി പിള്ള, ഷക്കീല സുബൈർ, അയിഷ മെഹർ തുടങ്ങിയവർ സമീപം**

# ആരോഗ്യ ടൂറിസം വകുപ്പ് ആരംഭിക്കണം; വിദേശ രാജ്യങ്ങളിൽ പ്രചാരണം ശക്തിപ്പെടുത്തണം

**കൊച്ചി:** കേരളത്തിന്റെ ആരോഗ്യ ടൂറിസം മേഖല ശക്തിപ്പെടുത്താൻ വിദേശരാജ്യങ്ങളിൽ പ്രചാരണം ശക്തിപ്പെടുത്തണമെന്നും ടൂറിസം കൂടാതെ ആരോഗ്യ ടൂറിസം എന്ന പേരിൽ പ്രത്യേക വകുപ്പ് ആരംഭിക്കാൻ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടപടി സ്വീകരിക്കണമെന്നും മെഡിക്കൽ ടൂറിസം ഫെസിലിറ്റേഴ്സ് ഫോറം ഓഫ് കേരള (കെഎംടിഎഫ്എഫ്) ന്റെ നേതൃത്വത്തിൽ കൊച്ചിയിൽ സംഘടിപ്പിച്ച 'മെഡിക്കൽ വാല്യൂ ട്രാവൽ മീറ്റിൽ 'കേരളത്തിലെ ആരോഗ്യ ടൂറിസത്തിന്റെ വളർച്ച' 'നേട്ടങ്ങളും ആനൂകൂല്യങ്ങളും' എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ച ആവശ്യപ്പെട്ടു.

മാർക്കറ്റിംഗ് വലിയ ഘടകമാണ് ഇതിനായി നൂതനമായ സങ്കേതങ്ങൾ കണ്ടെത്തി ഉപയോഗപ്പെടുത്താനുള്ള നടപടികൾ അനിവാര്യമാണ്. ആരോഗ്യ ടൂറിസം മേഖലയിൽ കേരളത്തിന് എല്ലാ വിധ സംവിധാനങ്ങളും ഉണ്ടെങ്കിലും ഇത് പൂർണ്ണോയും പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ലെന്നും പാനൽ ചർച്ചയിൽ പങ്കെടുത്ത ഈ രംഗത്തെ വിദഗ്ദർ അഭിപ്രായപ്പെട്ടു. ആരോഗ്യ മേഖലയിൽ ഇന്ത്യയുടെ അത്രയും പോലും പുരോഗതി കൈവരിച്ചിട്ടില്ലാത്ത മറ്റു വിദേശ രാജ്യങ്ങൾ അവരുടെ ആരോഗ്യ മെഡിക്കൽ ടൂറിസത്തിന് മുൻഗണന കൊടുത്ത് വലിയ തോതിൽ പ്രചാരണം നടത്തുകയാണ്. സമാന മാതൃകയിൽ കേന്ദ്ര,സംസ്ഥാന സർക്കാരുകളും മുൻകൈഎടുത്ത് പ്രചാരണം നടത്തിയാൽ കേരളത്തിനും ഇന്ത്യയ്ക്കും കൂടുതൽ ഗുണകരമാകും.




**മെഡിക്കൽ ടൂറിസം ഫെസിലിറ്റേഴ്സ് ഫോറം ഓഫ് കേരള (കെഎംടിഎഫ്എഫ്) ന്റെ നേതൃത്വത്തിൽ കൊച്ചിയിൽ സംഘടിപ്പിച്ച 'മെഡിക്കൽ വാല്യൂ ട്രാവൽ മീറ്റിൽ 'കേരളത്തിലെ ആരോഗ്യ ടൂറിസത്തിന്റെ വളർച്ച' 'നേട്ടങ്ങളും ആനൂകൂല്യങ്ങളും' എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ യൂനസ് സലീം, വൈ.ആർ.വിനോദ്, സെബിൻ പൗലോസ്, സജീവ് കുറുപ്പ്,ഡോ.കെ.എസ് വിഷ്ണു നമ്പൂതിരി, ഡോ.കെ.എ അബൂബക്കർ എന്നിവർ പങ്കെടുത്തപ്പോൾ**

നിലവിൽ സ്വകാര്യ ആശുപത്രികൾ അവരുടേതായ രീതിയിൽ നടത്തുന്ന പ്രാചരണത്തിന്റെ ഭാഗമായിട്ടാണ് വിദേശ രാജ്യങ്ങളിൽ നിന്നും ഇവിടെയ്ക്ക് ചികിൽസയ്ക്കായി ആളുകൾ എത്തുന്നത്. ഇതിനൊപ്പം കേന്ദ്ര, സംസ്ഥാന സർക്കാരുകളും പ്രചാരണം ഏറ്റെടുത്താൽ അത് ഇവിടുത്ത ആരോഗ്യ ടൂറിസം മേഖലയുടെ വൻ കുതിച്ചു ചാട്ടത്തിന് ഉപകരിക്കും. തായ്ലന്റ് ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ ടൂറിസം വിസയിൽ ചികിൽസയ്ക്ക് പോകാൻ സാധിക്കുമ്പോൾ ഇന്ത്യയിൽ അത് സാധ്യമല്ല. മെഡിക്കൽ വിസയിൽ മാത്രമെ ഇന്ത്യയിലേക്ക് ചികിൽസയ്ക്ക് വരാൻ സാധിക്കു. അത് ലഭിക്കാൻ കാലതാമസവും നിരവധി കടമ്പകളും ഉണ്ട്. ഈ സാഹചര്യത്തിൽ വിസ ചട്ടങ്ങളിൽ ഇളവു വരുത്താനുള്ള നടപടികൾ അടിയന്തരമായി ഉണ്ടാകണമെന്നും പാനൽ ചർച്ച സർക്കാരിനോട് ആവശ്യപ്പെട്ടു.ആയുർ വേദത്തിന്റെ കളിത്തൊട്ടിൽ എന്നാണ് കേരളം അറിയിപ്പെടുന്നത്.

വെൽനെസിൽ ആയുർവേദത്തിന് അനന്തസാധ്യതയാണുള്ളതെങ്കിലും ഇതിൽ വേണ്ട വിധത്തിൽ പ്രചാരണം നടത്താൻ സാധിച്ചിട്ടില്ല. ആയുർവേദവും അലോപ്പതിയും ഹോമിയോ അടക്കമുള്ള ചികിൽസാ ശാഖകളുടെ ഏകീകരണവും ഏകോപനും അനിവാര്യമാണെന്നും ചർച്ചയിൽ ആവശ്യമുയർന്നു. ഒപ്പം പുതുതായി വളർന്നു വരുന്ന നവചികിൽസാ ധാരകളെ ഉൾപ്പെടുത്താനുള്ള നടപടികളും ഏറെ ഗുണകരമാകും. അതേ സമയം വ്യാജ ചികിൽസർക്കെതിരെയും കേന്ദ്രങ്ങൾക്കെതിരെയും ശക്തമായ നടപടി സ്വീകരിക്കാൻ നിയമ സംവിധാനം ശക്തിപ്പെടുത്തണമെന്നും ചർച്ച ആവശ്യപ്പെട്ടു.സജീവ് കുറുപ്പ് (കേരള ടൂറിസം കോഓപ്പറേറ്റീവ് സൊസൈറ്റി ചെയർമാൻ, കോൺഫെഡറേഷൻ ഓഫ് കേരള ടൂറിസം ഇൻഡസ്ട്രി ജനറൽ സെക്രട്ടറി), ഡോ.കെ.എസ് വിഷ്ണു നമ്പൂതിരി (എഎംഎഐ സ്റ്റേറ്റ് വൈസ് പ്രസിഡന്റ്), യൂനസ് സലീം (സിഇഒ, ഗ്ലോബൽ ട്രീറ്റ്മെന്റ് സർവ്വീസ്പ്രൈവറ്റ് ലിമിറ്റഡ്), തിരുവനന്തപുരം കിംസ് ആശുപത്രി മാർക്കറ്റിംഗ് മേധാവി വൈ.ആർ.വിനോദ്, ഡോ.കെ.എ അബൂബക്കർ ( പ്രസിഡന്റ്, കെഎംടിഎഫ് എഫ്) എന്നിവർ ചർച്ചയിൽ പങ്കെടുത്തു, മുതിർന്ന മാധ്യമപ്രവർത്തകൻ സെബിൻ പൗലോസ് മോഡറേറ്ററായിരുന്നു.



അമൃത ആശുപത്രിക്ക് ലഭിച്ച മികച്ച മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾക്കുള്ള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പുരസ്കാരം മന്ത്രി എം.ബി രാജേഷിൽ നിന്ന് ബ്രഹ്മചാരി സംസിദ്ധാമൃത ചൈതന്യ, ആർ.ആർ രാജേഷ് എന്നിവർ ചേർന്ന് ഏറ്റുവാങ്ങുന്നു.

# സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പുരസ്കാരം അമൃത ആശുപത്രിക്ക്

**കൊച്ചി:** മികച്ച മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾക്കുള്ള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പുരസ്കാരം അമൃത ആശുപത്രിക്ക് ലഭിച്ചു. 500 കിടക്കകളിൽ കൂടുതലുള്ള സ്വകാര്യ ആശുപത്രികളുടെ വിഭാഗത്തിലാണ് പുരസ്കാരം. കോവളം വെള്ളാർ കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിൽ സംഘടിപ്പിച്ച ലോക പരിസ്ഥിതി ദിനാചരണ ചടങ്ങിൽ തദ്ദേശ സ്വയം ഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം.ബി രാജേഷ് പുരസ്കാരം സമ്മാനിച്ചു.

അമൃത വിശ്വവിദ്യാപീഠം കൊച്ചി ക്യാമ്പസ് ഡയറക്ടർ ബ്രഹ്മചാരി സംസിദ്ധാമൃത ചൈതന്യ, അമൃത ആശുപത്രിയിലെ എൻവിയോൺമെന്റൽ ആൻഡ് സേഫ്റ്റി വിഭാഗം ജനറൽ മാനേജർ ആർ.ആർ രാജേഷ് എന്നിവർ ചേർന്ന് മന്ത്രിയിൽ നിന്ന് പുരസ്കാരം ഏറ്റുവാങ്ങി. ജല, വായു മലിനീകരണങ്ങൾ തടയുന്നതിനുള്ള സംവിധാനങ്ങൾ, പരിസ്ഥിതി സംരക്ഷ പ്രവർത്തനങ്ങൾ, ജല,ഊർജ്ജ സംരക്ഷണ പദ്ധതികൾ എന്നിവ പരിഗണിച്ചാണ് പുരസ്കാരം. തുടർച്ചയായി ആറാം വർഷമാണ് മികച്ച മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾക്കുള്ള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പുരസ്കാരം അമൃത ആശുപത്രിക്ക് ലഭിക്കുന്നത്.



കലൂർ സെന്റ് ആന്റണിസ് തീർത്ഥാടന കേന്ദ്രത്തിൽ വിശുദ്ധ അന്തോണീസിന്റെ തിരുനാൾ സമാപന ദിനത്തിൽ ദിവ്യബലിക്ക് മുഖ്യകാർമികത്വം വഹിക്കാൻ എത്തിയ വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പ് ഡോ.ജോസഫ് കളത്തിപ്പറമ്പിലിനെ റെക്ടർ ഫാ. ജെറോം ചമ്മിണി കോടത്തിന്റെ നേതൃത്വത്തിൽ സ്വീകരിക്കുന്നു. ഫാ. ആൽബിൻ ഉഴുന്നുകാട്ടിൽ, ഫാ. ജിബു വർഗീസ് തൈത്തറ, ഫാ. ജിത്തു വട്ടപ്പള്ളി തുടങ്ങിയവർ സമീപം.

# കലൂർ സെന്റ് ആന്റണീസ് തീർത്ഥാടന കേന്ദ്രത്തിൽ തിരുനാൾ സമാപിച്ചു

**കൊച്ചി:** കലൂർ സെന്റ് ആന്റണീസ് തീർത്ഥാടന കേന്ദ്രത്തിൽ വിശുദ്ധ അന്തോണീസിന്റെ തിരുനാൾ സമാപന ദിവസമായ ഇന്ന് രാവിലെ 6 15ന് തിരുനാൾ ദിവ്യബലിക്ക് ജാൻസി രൂപതാ ബിഷപ്പ് ഡോ.പീറ്റർ പറപ്പിള്ളി മുഖ്യകാർമികത്വം വഹിച്ചു. 10 45 ന് തിരുനാൾ ദിവ്യബലിക്ക് വരാപ്പുഴ അതിരൂപത ആർച്ച്ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ മുഖ്യകാർമികത്വം വഹിച്ചു. ഫാ. ആൽബിൻ ഉഴുന്നുകാട്ടിൽ വചനപ്രഘോഷം നടത്തി. ഫാ. ജിബു വർഗീസ് തൈത്തറ സഹ കാർമികനായിരുന്നു. വൈകുന്നേരം 4 30ന് തിരുനാൾ ദിവ്യബലിക്ക് വരാപ്പുഴ അതിരൂപത ആർച്ച്ബിഷപ്പ് എമരിത്തൂസ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ മുഖ്യകാർമികത്വം വഹിച്ചു. 7 മണിക്ക് ഇംഗ്ലീഷിലുള്ള ദിവ്യബലിക്ക് വരാപ്പുഴ അതിരൂപത ജൂഡീഷ്യൽ വികാരി ഫാ. ജോസഫ് ലിക്സൺ അസ്വെസ് കാർമികത്വം വഹിച്ചു. ജൂൺ 22ന് വല്ലാർപാടം ബസിലിക്കയിൽ ചാർജ് എടുക്കുന്ന സെന്റ് ആന്റണീസ് തീർത്ഥാടന കേന്ദ്രം റെക്ടർ ഫാ.ജെറോം ചമ്മിണികോടത്തിന് ആർച്ച് ബിഷപ്പ് ഡോ.ജോസഫ് കളത്തിപ്പറമ്പിൽ ഉപഹാരം നൽകി. ഫാ. ജിക്സൺ ചേരിയിൽ, ഫാ. അഗസ്റ്റിൻ റോഷൻ കല്ലൂർ, ഫാ. ജിത്തു വട്ടപ്പിള്ളി, ഫാ.ജോണിച്ചൻ പൂന്നിലത്ത്, ഫാ. ജോസ് മൂലംകുഴി എന്നിവർ തിരുനാൾ തിരുകർമ്മങ്ങളിൽ പങ്കെടുത്തു.

# ഇൻകുബേഷൻ സെന്ററിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നു. അങ്കമാലിയിലുള്ള കീഡിന്റെ എന്റർപ്രൈസ് ഡെവലപ്മെന്റ് സെന്റർറിലാണ് ഇൻകുബേഷൻ ആരംഭിക്കുന്നത്. പ്രാരംഭ ഘട്ടത്തിലുള്ള സ്റ്റാർട്ടപ്പുകൾക്കും അതുപോലെ തന്നെ കേരളത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന എം എസ് എം ഇ ഇൻകുബേഷനായി അഥവാ കോവർക്കിംഗിനായി 21 ക്യൂബിക്കിൾ സ്പേസുകൾ: സഹകരണം, സർഗ്ഗാത്മകത, ഉൽപ്പാദനക്ഷമത എന്നിവ പ്രോത്സാഹിപ്പിക്കുന്ന രീതിയിലാണ് അത്യാധുനിക ഇൻകുബേഷൻ/ വർക്ക്സ്പെയ്സ് രൂപകൽപ്പന ചെയ്തിരിക്കുന്നത് .

സമഗ്രമായ പിന്തുണ: ഓഫീസ് സ്ഥലത്തിനപ്പുറം, തിരഞ്ഞെക്കപ്പെടുന്നവർക്ക് മെന്റർഷിപ്പ്, നെറ്റ്‌വർക്കിംഗ് അവസരങ്ങൾ, വർക്ക്ഷോപ്പുകൾ, ബിസിനസ്സ് വളർച്ച ലക്ഷ്യമിട്ടുള്ള വിശാലമായ അവസരങ്ങൾ എന്നിവയിൽ പ്രയോജനം ലഭിക്കും. മറ്റ് സൗകര്യങ്ങൾ: ഹൈ സ്പീഡ് വൈഫൈ സൗകര്യം, എയർ കണ്ടീഷൻ ചെയ്ത സ്ഥലം, ഇൻകുബേറ്റികൾക്കുള്ള ആക്സസ് കാർഡ്, മീറ്റിംഗ് ഹാൾ ആന്റ് കോൺഫറൻസ് ഹാൾ. പ്രതി മാസം 5,000 രൂപയാണ് (ജിഎസ് ടി കൂടാതെ) ഒരു ക്യുബിക്കിളിനുള്ള ഫീസ്. താത്പര്യമുള്ളവർ ഓൺലൈനായി www.kied.info/incubation/ ൽ ജൂൺ 26ന് മുമ്പ് അപേക്ഷ സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്നവർ മാത്രം ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2532890/0484 2550322/ 9188922800.




# അനുസ്മരണ യോഗം നടത്തി

**കൊച്ചി:** കേരള പത്രപ്രവർത്തക യൂണിയൻ അംഗങ്ങളായ എ.ആർ. പ്രവീൺ കുമാർ, അജീഷ് ചന്ദ്രൻ എന്നിവരെ എറണാകുളം പ്രസ് ക്ലബ് അനുസ്മരിച്ചു. കൊച്ചി 'ജന്മഭൂമി'യിലെ സീനിയർ ആർട്ടിസ്റ്റ് എ.ആർ. പ്രവീൺകുമാർ, കൊച്ചി 'മനോരമ ന്യൂസി'ലെ ന്യൂസ് ക്യാമറമാൻ അജീഷ് ചന്ദ്രൻ എന്നിവരുടെ ഓർമകൾ പങ്കുവെച്ച അനുസ്മരണ യോഗം കെ.യു.ഡബ്ല്യു.ജെ സംസ്ഥാന സെക്രട്ടറി എം. ഷജിൽ കുമാർ ഉദ്ഘാടനം ചെയ്തു. പ്രസ്ക്ലബ് പ്രസിഡന്റ് എം.ആർ. ഹരികുമാർ യോഗത്തിൽ അധ്യക്ഷനായി.

ജന്മഭൂമി ന്യൂസ് എഡിറ്റർ മുരളി പാറപ്പുറം എ.ആർ. പ്രവീൺ കുമാറിനെ അനുസ്മരിച്ച് സംസാരിച്ചു. മികച്ച ചിത്രകാരനൊപ്പം നല്ലൊരു സംഗീത പ്രതിഭയുമായിരുന്നു അദ്ദേഹമെന്നും കോളേജ് കാലത്ത് ഒരുമിച്ച് വിദ്യാഭ്യാസം നടത്താനായതും അദ്ദേഹം ഓർത്തെടുത്തു. പേജ് ഡിസൈനിങ്ങിലൂടെ അദ്ദേഹം പതിവായി ഞെട്ടിച്ചിരുന്നതായും മുരളി പാറപ്പുറം പറഞ്ഞു. അദ്ദേഹവുമായി നാല് പതിറ്റാണ്ടായുള്ള അടുത്തബന്ധം ഉണ്ടായിരുന്നതായും വലിയ സൗഹൃദവലയത്തിന് ഉടമയായിരുന്നു പ്രവീണെന്നും അദ്ദേഹം പറഞ്ഞു.

വിശ്വസിച്ച് ഏത് ജോലിയും ഏൽപ്പിക്കാൻ പറ്റിയിരുന്ന അസാമാന്യ പ്രതിഭയായിരുന്നു അജീഷെന്ന് മനോരമ ന്യൂസ് മുൻ പ്രിൻസിപ്പൽ ക്യാമറാമാൻ പി.ജെ. ചെറിയാൻ പറഞ്ഞു. വ്യത്യസ്തമായി ദൃശ്യങ്ങൾ ചിത്രീകരിച്ച് അദ്ദേഹം ഏറെ ശ്രദ്ധയാകർഷിച്ചിരുന്നതായും മനോരമ ന്യൂസിന്റെ തുടക്കം മുതലുള്ള ആളെയാണ് നഷ്ടമായതെന്നും അദ്ദേഹം അനുസ്മരിച്ചു. യോഗത്തിൽ പ്രവീൺകുമാറിന്റെ സഹോദരൻ എ.ആർ. പീതാംബരൻ, പ്രസ് ക്ലബ് സെക്രട്ടറി എം.സൂഫി മുഹമ്മദ്, ട്രഷറർ മനു ഷെല്ലി എന്നിവർ സംസാരിച്ചു.



## വേൾഡ് മലയാളി കൗൺസിൽ കേരള കൗൺസിൽ: പ്രസാദ് കുഴിക്കാല പ്രസിഡൻറ്, ടി.ആർ ദേവൻ സെക്രട്ടറി




പ്രസാദ് കുഴിക്കാല , ടി ആർ ദേവൻ

**കൊച്ചി:** ലോകമെമ്പാടുമുള്ള മലയാളികളെ കോർത്തിണക്കുന്ന വേൾഡ് മലയാളി കൗൺസിൽ ഇന്ത്യ റീജിയൻറെ ഭാഗമായ കേരള കൗൺസിലിൻറെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

ഷീല തോമസ് ഐ എ എസ് (ചെയർപേഴ്സൺ), പ്രസാദ് കുഴിക്കാല (പ്രസിഡൻറ്), ടി ആർ ദേവൻ (സെക്രട്ടറി), ഡോ. മനോജ് കാളൂർ (ട്രെഷറർ) എന്നിവർ സ്ഥാനമേറ്റു.ഗ്ലോബൽ പ്രസിഡൻറ് ജോൺ മത്തായി (ഷാർജ), ഇന്ത്യ റീജിയൻ ചെയർപേഴ്സൺ ഡോ. കെ ജി വിജയലക്ഷ്മി, പ്രസിഡൻറ് പി കൃഷ്ണകുമാർ, സെക്രട്ടറി ഡോ. അജിൽ അബ്ദുള്ള, വൈസ് പ്രസിഡൻറ് സി. കെ സുബൈർ എന്നിവരുടെ സാന്നിധ്യത്തിലാണ് പുതിയ ഭാരവാഹികൾ ചുമതലയേറ്റത്.ആഗസ്റ്റിൽ കേരളത്തിൽ നടക്കുന്ന വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ കൺവൻഷന് മുന്നോടിയായാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്. 44 രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന മലയാളികളുടെ സംഘടനയായ വേൾഡ് മലയാളി കൗൺസിൽ പ്രവാസി മേഖലയിലെ ആദ്യ സംഘടനയാണ്. മൂന്ന് പതിറ്റാണ്ടായി സംഘടന ആഗോള മലയാളികൾക്കിടയിൽ വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

## പവൻ പാരഖ് ജിയോജിതിന്റെ പുതിയ ഫണ്ട് മാനേജർ



**കൊച്ചി:** ജിയോജിത്തിന്റെപോർട്ട്ഫോളിയോ ആന്റ് മാനേജ്ഡ് അസറ്റ്സ് വിഭാഗത്തിൽ ഫണ്ട് മാനേജരായി പവൻ പാരഖ് നിയമിതനായി. ഓഹരിവിപണിയിൽ 17 വർഷത്തെ അനുഭവസമ്പത്തുള്ള പവൻ പാരഖ് ചാർട്ടേഡ് അക്കൗണ്ടന്റും ചാർട്ടേഡ് ഫിനാൻഷ്യൽ അനലിസ്റ്റുമാണ്. മുംബൈ ആസ്ഥാനമായി ആയിരിക്കും പവൻ പ്രവർത്തിക്കുക.

പോർട്ട്ഫോളിയോ മാനേജ്മെന്റ് സർവീസസ്, ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്സ് എന്നീമേഖലകളിൽ ഫ്ളെക്സി ക്യാപ്, മൾട്ടിക്യാപ്, മിഡ്ക്യാപ്, സ്മോൾക്യാപ് ഫണ്ടുകൾകൈകാര്യം ചെയ്യുന്നതിൽവിദഗ്ധനായ പവൻ റിനൈസൻസ് ഇൻവെസ്റ്റ്മെന്റ് മാനേജർസ് എന്ന സ്ഥാപനത്തിലാണ് മുൻപ് പ്രവർത്തിച്ചിരുന്നത്.

## പ്രഥമ ജസ്റ്റിസ് ടി എസ് കൃഷ്ണമൂർത്തി ഐയ്യർ സ്മാരക പ്രഭാഷണം സംഘടിപ്പിച്ചു



**കൊച്ചി:** മുൻ ഹൈക്കോടതി ജഡ്ജിയും രണ്ടു തവണ തിരുവനന്തപുരം മേയറും ഭാരതീയ വിധ്യാഭവൻ സ്ഥാപക ചെയർമാനുമായിരുന്ന ജസ്റ്റിസ് ടി എസ് കൃഷ്ണമൂർത്തി ഐയ്യർ സ്മാരക പ്രഭാഷണം കേരള ഹൈക്കോടതി ഹാളിൽ നടന്നു. ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന സുപ്രീം കോടതി ജസ്റ്റിസ് കെ വി വിശ്വനാഥൻ ”നിയമത്തെ സ്വാധീനിക്കുന്ന ഉയർന്നുവരുന്ന മേഖലകളും നിയമ വ്യവസ്ഥയും' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആശിഷ് ജിതേന്ദ്ര ദേശായി അധ്യക്ഷനായിരുന്ന ചടങ്ങിൽ അഡ്വക്കേറ്റ് ജനറൽ കെ ഗോപാലകൃഷ്ണൻ, കേരള ഹൈക്കോടതി അഡ്വക്കേറ്റ് അസോസിയേഷൻ പ്രസിടന്റ്റ് യേശ്വന്ത് ഷേണായ് എന്നിവർ പങ്കെടുത്തു.കേരള ഹൈക്കോടതി അഡ്വക്കേറ്റ് അസോസിയേഷനും ജസ്റ്റിസ് ടി എസ് കൃഷ്ണമൂർത്തി ഐയ്യരുടെ സുഹൃത്തക്കളും കുടുംബാങ്ങങ്ങളും ആണ് പരിപാടി സംഘടിപ്പിച്ചത്. കേരള ഹൈക്കോടതി അഡ്വക്കേറ്റ് അസോസിയേഷൻ സെക്രട്ടറി അനൂപ് നായർ സ്വാഗതവും റോയ് ചാക്കോ അനുസ്മരണ പ്രഭാഷണവും നടത്തി.

# അസാധാരണ കോർണിയൽ ട്രാൻസ്പ്ലാന്റിലൂടെ മത്സ്യത്തൊഴിലാളിയുടെ കാഴ്ച്ച സംരക്ഷിച്ചു




**കൊച്ചി:** അസാധാരണവും നൂതനവുമായ കോർണിയ മാറ്റിവയ്ക്കൽ നടപടിക്രമത്തിലൂടെ യുവ മത്സ്യത്തൊഴിലാളിയുടെ കാഴ്ച വിജയകരമായി സംരക്ഷിച്ചു.ഒന്നര വർഷം മുമ്പ് വലത് കണ്ണിലെ ഗുരുതരമായ ഫംഗസ് അണുബാധക്ക് ചികിത്സിക്കാനായി ഘടിപ്പിച്ച കോർണിയൽ ടിഷ്യൂകളുടെ പരാജയം മൂലം കണ്ണിൽ നിരവധി സങ്കീർണതകൾ നേരിട്ട കോട്ടയം സ്വദേശിയായ 29 വയസുകാരനായ ജിഷ്ണുവിനാണ് കൊച്ചിയിലെ ഡോ. അഗർവാൾസ് നേത്ര ആശുപത്രിയിലെ വിദഗ്ദ്ധ ഡോക്ടർമാരുടെ അപൂർവ ചികിത്സയിലൂടെ കാഴ്ച്ച ശക്തി സംരക്ഷിക്കാനായത്. കോർണിയയുടെ കേടുപാടുകൾ ബാധിച്ച പാളികളെ മാത്രം പ്രീ ഡെസെമെറ്റ്സ് എൻഡോതീലിയൽ കെരാറ്റോപ്ലാസ്റ്റി എന്നറിയപ്പെടുന്ന സാങ്കേതിക വിദ്യയുടെ സഹായത്തൽ നീക്കം ചെയ്തു അവയ്ക്ക് പകരം നവീനവും ആരോഗ്യവുമുള്ള കോർണിയയുടെ ടിഷ്യുകൾ സ്ഥാപിച്ചു. പി ഡി ഇ കെയുടെ സഹായത്താൽ പൂർണ്ണമായ കോർണിയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയമാകാതെത്തന്നെ സങ്കീർണതകളൊന്നുമില്ലാതെ രോഗി വളരെപെട്ടന്ന് സുഖം പ്രാപിക്കുകയുണ്ടായി. തികച്ചും പുതിയൊരു നടപടിക്രമമായ ഈ ട്രാൻസ്പ്ലാൻറിൽ ടിഷ്യു തയ്യാറാക്കുന്നതിലെ വൈദഗ്ദ്ധ്യം വളരെ സുപ്രധാനമാണ്.

കൊച്ചിയിലെ ഡോ.അഗർവാൾസ് ഐ ഹോസ്പിറ്റലിലെ സീനിയർ കൺസൾട്ടൻറ് ഒഫ് താൽമോളജിസ്റ്റുകളായ ഡോ. പി. സഞ്ജന, ഡോ. പ്രീതി നവീൻ എന്നിവരുടെ നേതൃത്വത്തിലുള്ള നേത്ര ശസ്ത്രക്രിയാ വിദഗ്ദ്ധരുടെ സംഘമാണ് ശാസ്ത്രക്രിയക്ക് നേതൃത്വം നൽകിയത്. രോഗിയുടെ ചില അധിക നേത്ര സങ്കീർണതകൾ ചികിത്സിക്കുന്നതിനായി ശസ്ത്രക്രിയയിലൂടെ തിമിരം നീക്കം ചെയ്ത് മാറ്റിസ്ഥാപിക്കുന്ന ടോറിക് ഇൻട്രാക്യുലർ ലെൻസ് (ഐ ഒ എൽ) ഉപയോഗിച്ച് 'തിമിരം വേർതിരിച്ചെടുത്തു കൃഷ്ണമണിയെ പുനർനിർമ്മിക്കുന്നതിനും പുനരൂപപ്പെടുത്തുന്നതിനുമുള്ള ശസ്ത്രക്രിയ പ്രക്രിയയായ പപ്പിലോപ്ലാസ്റ്റിയും ഇവർ നടത്തിയിരുന്നു. ഒന്നര വർഷം മുമ്പ് ജിഷ്ണുവിൻറെ വലത് കണ്ണിന് ഗുരുതരമായ ഫംഗസ് അണുബാധയുണ്ടായിരുന്നതായി ഡോ. പി. സഞ്ജന പറഞ്ഞു. തുടർന്ന് കോർണിയ അണുബാധ ചികിത്സിക്കുന്നതിനായി അദ്ദേഹം തെറാപ്യൂറ്റിക്ക് കോർണിയൽ ട്രാൻസ്പ്ലാൻറേഷനു (കെരാടോപ്ലാസ്റ്റി) വിധേയനായിരുന്നെങ്കിലും അണുബാധയുടെ തീവ്രത കാരണം ട്രാൻസ്പ്ലാൻറ് ചെയ്ത കോർണിയ ടിഷ്യു പരാജയപ്പെട്ടു, ഇത് അദ്ദേഹത്തിൻറെ കാഴ്ചയെ വളരെയധികം ബാധിച്ചു. കോർണിയയുടെ രോഗബാധിച്ച ഭാഗം തിരിച്ചറിയുകയും (എൻഡോതെലിയൽ ലെയർ, ഇത് കോർണിയയുടെ ഏറ്റവും ഉള്ളിലെ ലെയർ ആണ്) ആരോഗ്യമുള്ള കോർണിയയിൽനിന്നും ശേഖരിച്ച ടിഷ്യുകൾ ഉപയോഗിച്ച് മാറ്റിസ്ഥാപിക്കുകയും ചെയ്തതായും അവർ അറിയിച്ചു.

കോർണിയയിലെ പ്രത്യേക കോശങ്ങൾ ശരിയായി പ്രവർത്തിക്കാതിരുന്നതിനാൽ എൻഡോതീലിയൽ ഡികോംപെൻസേഷൻമൂലം തിമിരവും കോർണിയയുടെ 'ഓവർഹൈഡ്രേഷനും' രോഗിക്ക് ഉണ്ടായിരുന്നുവെന്ന് സീനിയർ കോർണിയ ആൻറ് റിഫ്രാക്റ്റീവ് സർജനായ ഡോ പ്രീതി നവീൻ പറഞ്ഞു. 2013 ൽ ആദ്യ പി ഡി ഇ കെ ശസ്ത്രക്രിയ നടത്തിയതു മുതൽ പല കോർണിയൽ ബാധിതർക്കു അത് ഇഷ്ടപ്പെട്ട ശസ്ത്രക്രിയയായി മാറിയെന്ന് ചെന്നെ ഡോ അഗർവാൾസ് ഐ ഹോസ്പിറ്റലിലെ ക്ലിനിക്കൽ സർവീസസ് ഹെഡ് ഡോ. സൗന്ദരി പറഞ്ഞു.

നല്ല ഡോണർ ടിഷ്യുവിൻറെ ലഭ്യത കുറവ്മൂലം ട്രാൻസ്പ്ളാൻറ് ചെയ്യാൻ ആഗ്രഹിക്കുന്ന രോഗികളുടെ നീണ്ട പട്ടികയാണ് സംസ്ഥാനത്ത് ഉള്ളത്, അതിനാൽ കണ്ണുകൾ ദാനം ചെയ്യാൻ ആളുകളെ പ്രോത്സാഹിപ്പിക്കുന്നത് കോർണിയ അന്ധത ബാധിച്ചവരുടെ എണ്ണം കുറയ്ക്കാൻ സഹായമാകുമെന്നും ഡോ. സൗന്ദരി ചൂണ്ടിക്കാട്ടി.

## സിഡിഎസ്എൽ ഐപിഎഫ് നിക്ഷേപ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു

**കൊച്ചി:** സിഡിഎസ്എൽ ഇൻവെസ്റ്റർ പ്രൊട്ടക്ഷൻ ഫണ്ട് (സിഡിഎസ്എൽ ഐപിഎഫ്) കേരളത്തിലെ വിദ്യാർത്ഥികൾക്കായി നിക്ഷേപ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. കൊച്ചിയിലെ ബ്ലൂട്രോണിക്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗിലാണ് പരിപാടി സംഘടിപ്പിച്ചത്.

ക്ലാസ്സിൽ നിക്ഷേപ ആശയങ്ങൾ ലളിതമായി അവതരിപ്പിച്ചു.സാമ്പത്തിക സാക്ഷരത പ്രോത്സാഹിപ്പിക്കുന്നതിലും മൂലധന വിപണിയിലെ നിക്ഷേപത്തിന് അനുസൃതമായി അറിവുള്ള തീരുമാനങ്ങൾ എടുക്കാൻ നിക്ഷേപകരെ ശാക്തീകരിക്കുന്നതിലും പ്രോഗ്രാം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. വിപുലമായ പ്രേക്ഷകരെ ഉൾക്കൊള്ളുന്നുവെന്ന് ഉറപ്പാക്കുന്നതിനായി പരിപാടി മലയാളത്തിലും ഇംഗ്ലീഷിലും നടത്തി. നിക്ഷേപങ്ങളുടെ അടിസ്ഥാനകാര്യങ്ങളെ കൂടാതെ ഒരു ഡിപ്പോസിറ്ററി എങ്ങനെ പ്രവർത്തിക്കുന്നു എന്നതും വിഷയങ്ങളിൽ ഉൾപ്പെടുന്നു.മൂലധന വിപണിയിൽ സാമ്പത്തിക ഉൾപ്പെടുത്തൽ കൈവരിക്കുന്നതിൽ നിക്ഷേപക വിദ്യാഭ്യാസം ഒരു പ്രധാന പങ്ക് വഹിക്കുന്നതിനാൽ നിക്ഷേപകർക്ക് മൂലധന വിപണിയിലെ സങ്കീർണ്ണതകളെ ആത്മവിശ്വാസത്തോടെ തരണം ചെയ്യാനും ഒരു ആത്മനിർഭർനിവേശക് ആകാനും ആവശ്യമായ അറിവും നൈപുണ്യവും നൽകാനാണ് സിഡിഎസ്എൽ ഐപിഎഫ് ലക്ഷ്യമിടുന്നത്.ചെങ്ങന്നൂർ ഗവൺമെൻറ് ഐടിഐ ഫോർ വിമൻ, ബിഷപ് ബെൻസിഗർ കോളേജ് ഓഫ് നഴ്സിംഗ് കൊല്ലം, ഗവൺമെൻറ് ഐടിഐ മരട് തുടങ്ങി വിവിധ സ്ഥാപനങ്ങളിലും നിക്ഷേപ ബോധവൽക്കരണ പരിപാടികൾ നടന്നു.സാമ്പത്തിക സാക്ഷരത പ്രചരിപ്പിക്കുന്നതിൽ പ്രതിജ്ഞാബദ്ധമായ സിഡിഎസ്എൽ ഐപിഎഫ ഈ വർഷ ംകൂടുതൽ നിക്ഷേപക ബോധവത്കരണ പരിപാടികൾ രാജ്യവ്യാപകമായി നടത്തുന്നത് തുടരും.

## കുവൈറ്റ് തീപിടുത്തം: കൂടുതൽ ജാഗ്രത വേണമെന്ന് വേൾഡ് മലയാളി കൗൺസിൽ

**കൊച്ചി:** കുവൈറ്റിൽ വിദേശ തൊഴിലാളികൾ പാർക്കുന്ന മേഖലയിൽ അൻപതിൽ അധികം പേരുടെ മരണത്തിനു ഇടയായ വൻ തീപിടുത്തത്തെ കേരളം ഞെട്ടലുളവാക്കുന്നതാണെന്ന് വേൾഡ് മലയാളി കൗൺസിൽ കേരള സ്റ്റേറ്റ് കൗൺസിൽ. മരിച്ചവരുടെയും പരുക്കേറ്റവരുടെയും കുടുംബത്തിൻറെ ദുഃഖത്തിൽ പങ്കുചേരുകയാണെന്നും ഡബ്ല്യൂ. എം. സി സംസ്ഥാന കൗൺസിൽ പ്രസിഡൻറ് പ്രസാദ് കുഴികാലയും, സെക്രട്ടറി ടി .ആർ ദേവനും പറഞ്ഞു.

മൃതദേഹം നാട്ടിൽ എത്തിക്കുന്നതിനും, ഗുരുതരമായി പരുക്കെറ്റവർക്ക് വിദഗ്ദ്ധ ചികിത്സ നൽകുവാനും കേന്ദ്ര, കേരള സർക്കാരുകളുടെ ആത്മാർത്ഥമായ ഇടപെടൽ ഉണ്ടാകണം. ഇനിയും ഇത്തരം ദുരന്തങ്ങൾ സംഭവിക്കാതെ കൃത്യമായ നിയമങ്ങൾ പാലിച്ചുകൊണ്ട് താമസസ്ഥലങ്ങൾ ഒരുക്കി നൽകി സുരക്ഷ ഒരുക്കണമെന്നും ഡബ്ള്യു എം സി ആവശ്യപ്പെട്ടു. ഇന്ത്യക്കാർ ഉള്ള എല്ലാ രാജ്യങ്ങളും ഇക്കാര്യത്തിൽ ഗൗരവമായ ഇടപെടൽ നടത്തമെന്നും നേതാക്കൾ പ്രസ്താവനയിൽ ആവശ്യപ്പെട്ടു.




# പെട്രോൾ പമ്പുകളുടെ സംരക്ഷണത്തിന് നിയമം പാസാക്കണം; ധർണ നടത്തി കേരള പെട്രോളിയം ഡീലേഴ്സ് അസോസിയേഷൻ

**കൊച്ചി:** പെട്രോൾ പമ്പുകളുടെയും ജീവനക്കാരുടെയും സംരഷണത്തിന് നിയമം പാസാക്കുക, ഏഴുവർഷമായി നിർത്തിവെച്ചിരിക്കുന്ന പെട്രോളിന്റെയും ഡീസലിന്റെയും ഡീലർ കമ്മീഷൻ അടിയന്തരമായി വർധിപ്പിക്കുക, അന്യ സംസ്ഥാനങ്ങളിൽ നിന്നു നികുതി വെട്ടിച്ച് നടത്തുന്ന ഡീസൽ കള്ളക്കടത്ത് തടയുക തുടങ്ങി വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള പെട്രോളിയം ഡീലേഴ്സ് അസോസിയേഷൻ നടത്തിയ പ്രക്ഷോഭ സമരത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ ഇന്നലെ കോർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ പനമ്പിള്ളി നഗറിലെ സ്റ്റേറ്റ് ലെവൽ കോഓർഡിനേറ്റർ ഓഫിസിനു മുന്നിൽ ധർണ്ണ നടത്തി.

കോർഡിനേഷൻ കമ്മിറ്റി ചെയർമാൻ ടോമി തോമസിന്റെ നേതൃത്വത്തിൽ നോരമ ജംഗ്ഷനിൽ നിന്നും ആരംഭിച്ച പ്രകടനം സ്റ്റേറ്റ് ലെവൽ കോഓർഡിനേറ്റർ ഓഫിസിനു മുന്നിൽ എത്തിയപ്പോൾ ആരംഭിച്ച ധർണ്ണ സിഐ ടി യു കേന്ദ്രകമ്മിറ്റിയംഗം കെ ചന്ദ്രൻ പിള്ള ഉദ്ഘാടനം ചെയ്തു. ആറ് വർഷം കഴിഞ്ഞിട്ടും പെട്രോളിയം ഡീലർമ്മാരുടെ കമ്മീഷൻ വർദ്ധിപ്പിക്കാതിരിക്കുന്നത് കൊടിയ ക്രൂരതയാണെന്ന് സിഐ ടി യു അഖിലേന്ത്യ സെക്രട്ടറി കെ .ചന്ദ്രൻ പിള്ള അഭിപ്രായപ്പെട്ടു. എണ്ണകമ്പനികൾ ഉണ്ടാക്കുന്ന വലിയ ലാഭം ഡീലർമ്മാരുടെ കൂടി അദ്ധ്വാനത്തിന്റെ ഫലമാണെന്ന വസ്തുത കമ്പനികൾ മറക്കരുത് എന്ന് അദ്ദേഹം പറഞ്ഞു.

പെട്രോൾ പമ്പ് ജീവനക്കാർ ആക്രമിക്കപ്പെടുന്നത് ആശാസ്യമല്ല. ഇത് തടയാൻ ഡീലർമ്മാർ നടത്തുന്ന എല്ലാശ്രമങ്ങൾക്കൊപ്പവും ട്രേഡ് യൂണിയനുകളുണ്ടാകുമെന്ന് നേതാക്കൾ ഉറപ്പി നൽകി.

പെട്രോളിയം ഡീലർമാർ നേരിടുന്ന നിരവധി പ്രശ്നങ്ങൾക്കെതിരെ അധികൃതർ സ്വീകരിക്കുന്ന നിഷേധാത്മക നിലപാടിൽ പ്രതിഷേധിച്ചാണ് സമര പരമ്പരയ്ക്ക് തുടക്കം കുറിച്ചത് . യാതൊരു നിയന്ത്രണവുമില്ലാതെയാണ് പുതിയ പെട്രോൾ പമ്പുകൾക്ക് അനുമതി നൽകുന്നത്. എലത്തൂർ, കളമശേരി സ്ഫോടനങ്ങളുടെ പശ്ചാത്തലത്തിൽ പ്ലാസ്റ്റിക്ക് കുപ്പികളിലും കന്നാസുകളിലും ഡീസലും പെട്രോളും നൽകാൻ പാടില്ലെന്ന് വ്യക്തമാക്കി ഓയിൽ കമ്പനികളും പോലിസും ഇറക്കിയ നിബന്ധനകൾ തങ്ങൾ കർശനമാക്കിയതോടെ പെട്രോൾ പമ്പുകൾക്കു നേരെ ഗുണ്ടാവിളയാട്ടം അനുദിനം വർധിക്കുകയാണ്.ആരോഗ്യവകുപ്പ് പ്രവർത്തകരുടെ സംരക്ഷണത്തിന് നിയമം പാസാക്കിയതുരപോലെ പെട്രോൾ പമ്പുകളുടെയും ജീവനക്കാരുടെയും സംരഷണത്തിനും നിയമം പാസാക്കണമെന്നും, ധർണ്ണയിൽ കോർഡിനേഷൻ കമ്മറ്റി ഉന്നയിച്ച വിവിധ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടായില്ലെങ്കിൽ അടുത്തഘട്ടത്തിൽ പമ്പുകൾ അടച്ചിടുമെന്ന് ഭാരവാഹികൾ പറഞ്ഞു.

കോർഡിനേഷൻ കമ്മിറ്റി ചെയർമാൻ ടോമി തോമസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ കൺവീനർ ആർ ശബരിനാഥ് സ്വാഗതം പറഞ്ഞു. കെ കെ ഇബ്രാഹിം കുട്ടി( ഐ എൻ ടി യു സി നാഷണൽ സെക്രട്ടറി) മുഖ്യ പ്രഭാഷണം നടത്തി. ഇസ്മായിൽ, വി എസ് അബ്ദുൽ റഫാൻ, മൈതാനം വിജയൻ , സുനിൽ എബ്രഹാം, ജൂനി കുതിരവട്ടം, കെ എസ് കോമു, ഇബ്രാഹിംകുട്ടി വയനാട്, ജെയിംസ് മൂവാറ്റുപുഴ എന്നിവർ പ്രസംഗിച്ചു.

# ഐഐടി മദ്രാസ് യുജി പ്രോഗ്രാം: മികവ് അടിസ്ഥാനമാക്കി അഡ്മിഷൻ

**കൊച്ചി:** ഐഐടി മദ്രാസ് 2024 2025 അക്കാദമിക് വർഷം മുതൽ അണ്ടർഗ്രാജുവേറ്റ് പ്രോഗ്രാമുകളിൽ 'സ്പോർട്ട്സ് എക്സലൻസ് അഡ്മിഷൻ' ആരംഭിച്ചു. ഇതിനായി ഓരോ അണ്ടർഗ്രാജുവേറ്റ് പ്രോഗ്രാമിലും ഇന്ത്യൻ വിദ്യാർത്ഥികൾക്കു വേണ്ടി രണ്ട് അധിക സീറ്റുകൾ വീതം ആരംഭിച്ചു.

ഇതിൽ ഒന്ന് വിദ്യാർത്ഥിനികൾക്കാണ്. അണ്ടർഗ്രാജുവേറ്റ് പ്രോഗ്രാമുകളിൽ കായിക പ്രതിഭകൾക്ക് അഡ്മിഷൻ ഏർപ്പെടുത്തുന്ന രാജ്യത്തെ ആദ്യത്തെ ഐഐടി ആണ് ഐഐടി മദ്രാസ്. സ്പോർട്ട്സ് രംഗത്ത് മികവ് പുലർത്തുന്ന അർഹരായ വിദ്യാർത്ഥികൾക്ക് ഉന്നത പഠനം നടത്താൻ അവസരം നൽകുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് ഐഐടി മദ്രാസ് ഡയറക്ടർ പ്രൊഫ.വി.കാമകോടി പറഞ്ഞു.

പുതുതായി ആരംഭിച്ച ഐഐടി മദ്രാസിൻറെ പ്രത്യേക പോർട്ടലായ https://jeeadv.iitm.ac.in/sea ലൂടെയാണ് സ്!പോർട്ട്സ് എക്സലൻസ് അഡ്മിഷന് അപേക്ഷിക്കേണ്ടത്.

ജെഇഇ (അഡ്വാൻസ്ഡ്) 2024ൽ കോമൺ റാങ്ക് ലിസ്റ്റിലോ കാറ്റഗറി തിരിച്ചുള്ള റാങ്ക് ലിസ്റ്റിലോ സ്ഥാനം നേടിയവരും, കഴിഞ്ഞ നാല് വർഷത്തിനിടെ ഏതെങ്കിലും ദേശീയ/അന്തർദേശീയ തലത്തിലുള്ള കായിക മത്സരങ്ങളിൽ ഒരു മെഡലെങ്കിലും നേടിയവർക്കുമാണ് സീറ്റിന് അർഹത. ഇതിന്റെ അടിസ്ഥാനത്തിൽ തയാറാക്കിയ സ്പോർട്സ് റാങ്ക് ലിസ്റ്റ് മുഖേനയാണ് അലോട്ട്മെന്റ് നടത്തുന്നത്.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ജില്ലാ ശുചിത്വമിഷനിൽ റിസോഴ്സ് പേഴ്സൺ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ല ബ്ലോക്ക് പഞ്ചായത്ത്14, ടെക്നിക്കല് ആർപി1, നഗരസഭ, കോർപ്പറേഷൻ 2 എന്നിങ്ങനെയാണ് ഒഴിവുകൾ. ഓണറേറിയം 750 രൂപ ഒരു ദിവസം. അഭിമുഖം വഴിയാണ് നിയമനം. യോഗ്യതസ4ക്കാ4 സർവ്വീസിൽ നിന്നും വിരമിച്ചവ4 അല്ലെങ്കില് ഐ.ടി.ഐ, പോളിഡിപ്ലോമ, ബി.സി.എ. /എം.സി.എ.. ബി.ടെക്/എം.ടെക് (സിവിൽ, എ9വയോൺമെന്റൽ) / തത്തുല്യമായ ടെക്നിക്കൽ യോഗ്യത അല്ലെങ്കിൽ ബിരുദവും താഴെ പറയുന്ന യോഗ്യതകളും ഉണ്ടായിരിക്കണം.

1. വിക്രേന്ദീകൃത മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ജൈവമാലിന്യം ഉറവിടത്തില് സംസ്കരിക്കുന്നതിന് പിന്തുടരുന്ന സാങ്കേതിക വിദ്യയും വ്യത്യസ്തരീതികളും സംവിധാനവും അംഗീകരിക്കുകയും നടപ്പിലാക്കുവാ9 ശ്രമിക്കുകയും ചെയ്യുന്നവരായിരിക്കണം.
2. അജൈവമാലിന്യ സംസ്കരണത്തിനായി നിശ്ചയിച്ചിട്ടുള്ള ശേഖരണ രീതി, തരംതിരിക്കൽ രീതി, സംസ്കരണ രീതികൾ ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പുനഃചംക്രമണ സാദ്ധ്യതയില്ലാത്ത വസ്തുക്കളുടെ സംസ്കരണ രീതികൾ അതിലേക്ക് അനിവാര്യമായ അടിസ്ഥാന സൗകര്യങ്ങൾ, യന്ത്രസാമ്രഗികൾ, സംസ്കരണ ഏജ9സികൾ തുടങ്ങിയവ സംബന്ധിച്ചും വ്യക്തമായ ധാരണ ഉണ്ടായിരിക്കണം.
3. (ദ്രവമാലിന്യ സംസ്കരണ രീതികൾ തരംതിരിച്ചുള്ള വാതിൽപ്പടി ശേഖരണം, മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫ് എന്നിവിടങ്ങളിൽ നിന്നും പാഴ് വസ്തുക്കൾ കൃത്യമായി നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സംബന്ധിച്ചും ഇതിന് അനുയോജ്യമായ ഏജ9സികളെ സംബന്ധിച്ചും വ്യക്തമായ അറിവുണ്ടായിരിക്കണം.
4. ശാസ്ത്രീയ മാലിന്യസംസ്കരണത്തിന് ആവശ്യമായ മനോഭാവവും ശീലവും സമൂഹത്തിൽ വളർത്തിക്കൊണ്ടുവരാൻ സഹായകമായ ബഹുജന വിദ്യാഭ്യാസ പരിപാടികൾ, ക്യാമ്പയിനുകൾ ആവിഷ്കരിക്കാനും സംഘടിപ്പിക്കാനും കഴിവുണ്ടായിരിക്കണം.
5. മാലിന്യത്തിന്റെ അളവ് കുറയ്ക്കാ9 പിന്തുടരുന്ന ഗ്രീ9 പ്രോട്ടോക്കോൾ, ബദൽ ഉൽപ്പന്നങ്ങൾ തുടങ്ങിയവ സംബന്ധിച്ചു അറിവും അവ പ്രചരിപ്പിക്കാനുള്ള നൈപുണ്യങ്ങൾ ഉള്ളവരായിരിക്കണം.
6. ശുചിത്വമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ, സ4ക്കാ4 മാ4ഗനി4ദേശങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ മാ4ഗരേഖകളും സംബന്ധിച്ച് അറിവ്, വലിച്ചെറിയൽ, കത്തിക്കൽ, തെറ്റായ മറ്റു സംസ്കരണ രീതികൾ അവലംബിച്ചാൽ സ്വീകരിക്കുന്ന നിയമനടപടികൾ സംബന്ധിച്ച പൊതുധാരണയും ഉണ്ടായിരിക്കണം.
7. ഓരോ ദിവസവും ചെയ്യുന്ന പ്രവ4ത്തനങ്ങൾക്ക് ശുചിത്വമിഷ9 നി4ദേശിക്കുന്ന മാ4ഗരേഖക്ക് അനുസരിച്ച് റിപ്പോർട്ട് തയ്യാറാക്കാനുള്ള നൈപുണ്യം ഉണ്ടായിരിക്കണം.
8. (ദ്രവമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ശുചിത്വമിഷ9 അംഗീകരിച്ചിട്ടുള്ളതും പ്രചരിപ്പിച്ചു വരുന്നതുമായ സംസ്കരണരീതികൾ സംബന്ധിച്ച അറിവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പക4ന്നു നൽകുന്നതിനുള്ള അറിവുണ്ടായിരിക്കണം.

വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ യോഗ്യത സ4ട്ടിഫിക്കറ്റുകളുടെ സെൽഫ് അറ്റസ്റ്റഡ് പക4പ്പുകൾ സഹിതം ജില്ലാ ശുചിത്വ മിഷ9 ഓഫീസിൽ ജൂൺ 14 വൈകിട്ട് നാലിന് മുമ്പായി ലഭ്യമാക്കണം. വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

യോഗ്യരായ ഉദ്യോഗാർഥികളെ അഭിമുഖത്തിന് ക്ഷണിക്കും

# ദുബായിലെ പ്രതിനിധി ഓഫീസ്: ഒന്നാം വാർഷികം ആഘോഷിച്ച് ബജാജ് അലയൻസ് ലൈഫ്

**കൊച്ചി:** യു.എ.ഇയിലെ ദുബായിലുള്ള പ്രതിനിധി ഓഫീസിന്റെ ഒന്നാം വാർഷികം ആഘോഷിച്ച് സ്വകാര്യ ലൈഫ് ഇൻഷുറൻസ് രംഗത്തെ പ്രമുഖരായ ബജാജ് അലയൻസ് ലൈഫ്. ഉപഭോക്താക്കളോടുള്ള മികച്ച സമീപനവും ദുബായിലെ നോൺറെസിഡന്റ് ഇന്ത്യൻ (എൻ.ആർ.ഐ) ഉപഭോക്താക്കൾക്ക് മേഖലയിലെ ഏറ്റവും മികച്ച സേവനങ്ങൾ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ബജാജ് അലയൻസ് ലൈഫ് ആദ്യത്തെ പ്രതിനിധി ഓഫീസ് 2023 ജൂണിൽ ദുബായിൽ സ്ഥാപിച്ചത്.

'യു.എ.ഇയിലെ ഞങ്ങളുടെ സാന്നിധ്യം ശ്രദ്ധേയമായ ഒരു യാത്രയാണെന്നും എൻആർഐ ഉപഭോക്താക്കൾക്ക് പ്രത്യേക ആവശ്യകതകളുണ്ടെന്ന് ഞങ്ങൾ മനസ്സിലാക്കി ശരിയായ ഉൽപ്പന്നങ്ങളും മികച്ച സേവനവും നൽകാനാണ് ശ്രമിക്കുന്നതെന്നും ബജാജ് അലയൻസ് ലൈഫിലെ ചീഫ് ഓപ്പറേഷൻസ് ആൻഡ് കസ്റ്റമർ എക്സ്പീരിയൻസ് ഓഫീസർ രാജേഷ് കൃഷ്ണൻ പറഞ്ഞു.

# ഗവേഷണ സഹകരണം: സിഎംഎഫ്ആർഐ ഇൻകോയിസുമായി കൈകോർക്കുന്നു



**കൊച്ചി:** സമുദ്രമത്സ്യ മേഖലയിൽ ഗവേഷണ സഹകരത്തിനായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസുമായി (ഇൻകോയിസ്) ധാരണാപത്രം ഒപ്പുവെച്ചു. മത്സ്യലഭ്യതയുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്ക് ഉപദേശം നൽകുന്നതിനുള്ള നിലവിലുള്ള സാങ്കേതികവിദ്യകൾ കൂടുതൽ മെച്ചപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള മേഖലകളിലാണ് ഗവേഷണ സഹകരണം ലക്ഷ്യമിടുന്നത്.ധാരണാപത്രത്തിൽ സിഎംഎഫ്ആർഐ ഡയറക്ടർ ഡോ.എ.ഗോപാലകൃഷ്ണനും ഇൻകോയ്സ് ഡയറക്ടർ ഡോ ടി ശ്രീനിവാസകുമാറും ഒപ്പുവച്ചു. ഇതു പ്രകാരം, സിഎംഎഫ്ആർഐയും ഇൻകോയിസും സംയുക്ത പദ്ധതികളിൽ ഒരുമിച്ച് പ്രവർത്തിക്കും, മത്സ്യബന്ധന സമുദ്രശാസ്ത്രം, സമുദ്ര പരിസ്ഥിതി ആഘാത പഠനം, റിമോട്ട് സെൻസിംഗ്, ജിഐഎസ് ജൈവവൈവിധ്യം, മത്സ്യസമ്പത്തിന്റെ പരിപാലനം, സാമൂഹിക ബോധവൽകരണം തുടങ്ങിയ മേഖലകളിൽ സംയുക്ത പഠനത്തിനാണ് ധാരണയായത്.മത്സ്യലഭ്യതയെ കുറിച്ച്, മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ കൃത്യവും ഫലപ്രദവുമായ ഉപദേശങ്ങൾ നൽകുന്നതിന് നിലവിലുള്ള സാങ്കേതിക വിദ്യകൾ പരിഷ്കരിക്കാൻ സംയുക്ത സഹകരണം സഹായകരമാകും.മത്സ്യബന്ധനസമുദ്ര പാരിസ്ഥിതിക വിവരങ്ങൾ ശേഖരിക്കുന്നതിന് സംയുക്ത പര്യവേക്ഷണ സർവേകൾ നടത്താനും ധാരണയുണ്ട്. മത്സ്യ സമ്പത്ത്, സമുദ്ര ആവാസവ്യവസ്ഥയുടെ മൊത്തത്തിലുള്ള ആരോഗ്യം എന്നിവ മനസ്സിലാക്കുന്നതിന് ഈ ഡേറ്റ നിർണായകമാകും.സമുദ്രമത്സ്യ മേഖലയിൽ സാറ്റലൈറ്റ് റിമോട്ട് സെൻസിംഗ് ഉപയോഗിച്ച് തീരദേശ സമൂഹങ്ങൾക്കും മത്സ്യത്തൊഴിലാളികൾക്കും പ്രയോജനകരമാകുന്ന സാങ്കേതികവിദ്യകൾ വികസിപ്പിക്കൽ, സംയുക്ത പരിശീലന പരിപാടികൾ, തൊഴിൽ നൈപുണ്യവികസനം തുടങ്ങിയവ നടപ്പിലാക്കാൻ ധാരണയായി.മത്സ്യലഭ്യതയുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന നിർദേശങ്ങൾ മീൻപിടുത്ത മേഖകൾ മനസ്സിലാക്കാൻ മത്സ്യത്തൊഴിലാളികൾക്ക് ഏറെ സഹായകരമാകുമെന്ന് ഇൻകോയിസ് ഡയറക്ടർ ഡോ ടി ശ്രീനിവാസകുമാർ പറഞ്ഞു.

## മുത്തൂറ്റ് മൈക്രോഫിനിന്റെ ഗ്രീൻഷൂ ഓപ്ഷൻ ഓവർസബ്സ്ക്രിപ്ഷനായി

**കൊച്ചി:** മുൻനിര ഇന്ത്യൻ മൈക്രോഫിനാൻസ് സ്ഥാപനമായ മുത്തൂറ്റ് മൈക്രോഫിൻ തങ്ങളുടെ എക്സ്ടേണൽ കമേഴ്സ്യൽ ബോറോയിങ് സംബന്ധിച്ച പുതിയ നിർണായക വിവരങ്ങൾ പ്രഖ്യാപിച്ചു. ഇസിബിയുടെ ഗ്രീൻഷൂ ഓപ്ഷൻ പ്രാഥമിക തുകയായ 25 ദശലക്ഷം ഡോളർ എന്നതിൽ നിന്ന് 38 ദശലക്ഷം ഡോളർ ഓവർസബ്സ്ക്രിപ്ഷനാണ് നടന്നത്. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ബാങ്ക് ഓഫ് ബഹറൈൻ, കുവൈറ്റ് ബി എസ് സി, ബാങ്ക് ഓഫ് ഇന്ത്യ, മെഗാ ഇൻറർനാഷണൽ കമേഴ്സ്യൽ ബാങ്ക് എന്നിവയാണ് ഈ ഗ്രീൻഷൂ ഓപഷനിൽ പങ്കെടുത്തത്.സോഷ്യൽ ലീൻ കോർഡിനേറ്റർ കൂടിയായ സ്റ്റാൻഡേർഡ് ചാർട്ടേഡ് ബാങ്ക് മാത്രമായി നടത്തിയ വിജയകരമായ 75 ദശലക്ഷം ഡോളറിൻറെ പ്രാഥമിക സമാഹരണത്തെ തുടർന്നാണ് ഗ്രീൻഷൂ ഓപ്ഷനിലേക്കു നീങ്ങിയത്. തങ്ങളുടെ ഇസിബി പേപ്പറുകൾക്ക് അന്താരാഷ്ട്ര വിപണിയിൽ ലഭിച്ച മികച്ച പ്രതികരണത്തിൽ ആഹ്ലാദമുണ്ടെന്ന് മുത്തൂറ്റ് മൈക്രോഫിൻ സിഇഒ സദഫ് സയീദ് പറഞ്ഞു.

## എഐ ഉച്ചകോടി: വാട്സൺഎക്സ് ചലഞ്ചുമായി ഐബിഎമ്മും കേരള സ്റ്റാർട്ടപ്പ് മിഷനും

കൊച്ചി: അടുത്ത മാസം കൊച്ചിയിൽ നടക്കാനിരിക്കുന്ന ജനറേറ്റീവ് എ ഐ ഉച്ചകോടിയ്ക്ക് മുന്നോടിയായി ഐ ബിഎമ്മും കേരള സ്റ്റാർട്ടപ്പ് മിഷനും ചേർന്ന് വാട്സൺഎക്സ് ഹാക്കത്തോൺ നടത്തുന്നു. ഇതിൽ പങ്കെടുക്കുന്നവർക്ക് ഐബിഎമ്മിൻറെ ക്ലൗഡ് അധിഷ്ഠിത എഐ ഡാറ്റാ പ്ലാറ്റ്ഫോമായ വാട്സൺഎക്സിൽ പ്രവർത്തിക്കാൻ അവസരം ലഭിക്കും.https://kochistartup.watsonxchallenge.ibm.com എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം.കെഎസ്ഐഡിസി, കേരള ഡിജിറ്റൽ സർവകലാശാല, കുസാറ്റ്, കേരള സാങ്കേതിക സർവകലാശാല എന്നിവരും ഹാക്കത്തോണിൽ പങ്കാളികളാകും.ജെനറേറ്റീവ് എ ഐ മേഖലയിലെ പുത്തൻ പ്രവണതകൾ, അവസരങ്ങൾ, ജോലി സാധ്യതകൾ തുടങ്ങിയവ രാജ്യത്തെ യുവജനങ്ങൾക്ക് പരിചയപ്പെടുത്തുകയാണ് ജെൻഎഐ ഉച്ചകോടിയുടെ ലക്ഷ്യം.

# കൊട്ടക് ലൈഫ് മഹീന്ദ്ര ഫിനാൻസ് സഹകരണം



**കൊച്ചി:** കൊട്ടക് മഹീന്ദ്ര ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് ഇന്ത്യയിലെ പ്രമുഖ നോൺബാങ്കിംഗ് ഫിനാൻസ് കമ്പനികളിലൊന്നായ മഹീന്ദ്ര ആൻഡ് മഹീന്ദ്ര ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡുമായി കോർപ്പറേറ്റ് ഏജൻസി പങ്കാളിത്തത്തിൽ ഏർപ്പെട്ടു. കൊട്ടക് ലൈഫിൻറെ അനുയോജ്യമായ ഇൻഷുറൻസ് പദ്ധതികളിലൂടെ മഹീന്ദ്ര ഫിനാൻസിൻറെ 10 ദശലക്ഷത്തിലധികം ഉപഭോക്താക്കൾക്ക് പ്രയോജനം ലഭിക്കും.കൊട്ടക് മഹീന്ദ്ര ലൈഫ് ഇൻഷുറൻസ് കമ്പനി എംഡി മഹേഷ് ബാലസുബ്രഹ്മണ്യനും മഹീന്ദ്ര ഫിനാൻസ് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ റൗൾ റെബെല്ലോയും ചേർന്ന് കരാറിൽ ഒപ്പുവച്ചു.മഹീന്ദ്ര ഫിനാൻസുമായുള്ള സഹകരണത്തിലൂടെ പുതിയ ആളുകളിലേക്ക് എത്തിച്ചേരുകയാണ് തങ്ങളുടെ ലക്ഷ്യം. മഹീന്ദ്ര ഫിനാൻസിൻറെ ഉപഭോക്തൃ ശൃംഖലയും ലൈഫ് ഇൻഷുറൻസിലെ തങ്ങളുടെ വൈദഗ്ധ്യവും പ്രയോജനപ്പെടുത്തി തങ്ങളുടെ ലൈഫ് ഇൻഷുറൻസ് പദ്ധതികൾ ലഭ്യമാക്കാനും മഹീന്ദ്ര ഫിനാൻസിൻറെ ഉപഭോക്താക്കൾക്ക് സാമ്പത്തിക സുരക്ഷ നൽകാനും കഴിയുമെന്ന് കൊട്ടക് മഹീന്ദ്ര ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് എംഡി മഹേഷ് ബാലസുബ്രഹ്മണ്യൻ പറഞ്ഞു.തങ്ങളുടെ ഉപഭോക്താക്കൾക്ക് ലൈഫ് ഇൻഷുറൻസ് പദ്ധതികൾ ലഭ്യമാക്കാനായി കൊട്ടക് ലൈഫുമായുള്ള ഈ തന്ത്രപരമായ സഹകരണത്തിൽ ഏർപ്പെടുന്നതിൽ സന്തോഷമുണ്ട്. വ്യക്തിഗതമായ ഉപഭോക്തൃ അനുഭവം ഉപയോഗിച്ച് കാര്യക്ഷമമായ ഇൻഷുറൻസ് പദ്ധതികൾ ലഭ്യമാക്കാനുള്ള ഒരു സുപ്രധാന ചുവടുവയ്പ്പാണിത്. ഇന്ത്യയ്ക്ക് ഉത്തരവാദിത്തമുള്ള സാമ്പത്തിക പരിഹാര പങ്കാളിയായി സുസ്ഥിരമായ വളർച്ചയെ സഹായിക്കുക എന്നതാണ് തങ്ങളുടെ ലക്ഷ്യമെന്ന് മഹീന്ദ്ര ഫിനാൻസ് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ റൗൾ റെബെല്ലോ പറഞ്ഞു.മഹീന്ദ്ര ഫിനാൻസിൻറെ 1400ലധികം ശാഖകളുടെ വിപുലമായ ശൃംഖലയിലൂടെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഒരു നിശ്ചിത കാലയളവിൽ ഈ പദ്ധതികൾ ലഭ്യമാക്കും.

# നവീകരിച്ച എസ് .എൻ ഓഡിറ്റോറിയം ഉദ്ഘാടനം 16 ന്

**കൊച്ചി:** ശ്രീനാരായണ ധർമ്മ സമാജത്തിന്റെ നവീകരിച്ച എസ്.എൻ. ഓഡിറ്റോറിയം ജൂൺ 16 ന് രാവിലെ 10 മണിക്ക് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും. എസ്.എൻ.ഡി. സമാജം പ്രസിഡൻറ് സി.എം. ശോഭനൻ അധ്യക്ഷത വഹിക്കും. ഹൈബി ഈഡൻ എം.പി. മുഖ്യപ്രഭാഷണംനടത്തും. മേയർ എം. അനിൽകുമാർ, ടി.ജെ. വിനോദ് എം.എൽ.എ, കാലടി സംസ്കൃത സർവ്വകലാശാല മുൻവൈസ് ചാൻസിലർ കെ.എസ്. രാധാകൃഷ്ണൻ എന്നിവർ വിശിഷ്ടാതിഥികളാകും.സെക്രട്ടറി പി.ഐ. രാജീവ്,അസി. സെക്രട്ടറിഎ.പി. രഘുനന്ദനൻ,പി.ആർ. റിനീഷ്, മിനി ദിലീപ്, കാജൽ സലിം, പി.ബി. സുനിലാൽ, പി.ബി. റൂസെൽട്ട് എന്നിവർ പ്രസംഗിക്കും.

